# സംസ്ഥാന ജി.എസ്.ടി വകുപ്പ്

ടാക്സ് ടവർ, കിള്ളിപ്പാലം

മേയ് 31, 2018 കരമന, തിരുവനന്തപുരം

## പത്രക്കുറിപ്പ്

## അനുമാന നികുതി നിർണ്ണയത്തിന് സ്ക്രൂട്ടണി മോഡ്യൂൾ തയ്യാറായി

തിരുവനന്തപുരം: അനുമാന നികുതി ദായകാരായ വ്യാപാരികളുടെ നികുതി നിർണ്ണയം സമയബന്ധിതവും, സുതാര്യവുമായി പൂർത്തിയാക്കാൻ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് സ്ക്രൂട്ടണി മോഡ്യൂൾ തയ്യാറാക്കി.

നികുതി നിർണ്ണയം സമയബന്ധിതമായി പൂർത്തിയാകുന്നതോടെ സസ്ഥാന സർക്കാർ 2018 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ആംനസ്റ്റി പദ്ധതിയുടെ ആനുകൂല്യം സംസ്ഥാനത്തെ മുഴുവൻ ചെറുകിട വ്യാപാരികൾക്കും പ്രയോജനപ്പെടുത്താൻ കഴിയും. 2011 മുതൽ 2016 വരെയുള്ള സാമ്പത്തിക വർഷത്തെ അനുമാന നികുതി കുടിശ്ശികയാണ് ആംനസ്റ്റി പദ്ധതിയിൽപ്പെടുത്തി വ്യാപാരിയ്ക്ക് അടച്ചുതീർക്കാവുന്നത്. നികുതി നിർണ്ണയ ഉത്തരവ് ലഭിച്ച അനുമാന നികുതിദായകർക്ക് ജൂൺ 30 വരെ ആംനസ്റ്റി പദ്ധതിയിലേയ്ക്ക് അപേക്ഷിക്കാം. ആംനസ്റ്റി പദ്ധതിപ്രാകാരം കുടിശ്ശിക അടച്ചുതീർക്കാൻ 2018 സെപ്തംബർ 30 വരെ സമയം ലഭിക്കും. രജിസ്ട്രേഷൻ എടുത്തിട്ടില്ലാത്ത ചെറുകിട വ്യാപാരികൾക്ക് നിയമപ്രാകാരമുള്ള രജിസ്ട്രേഷൻ ഫീസിന്റെ ഇരട്ടി തുക പെനാൽറ്റിയായി നൽകി ആംനസ്റ്റി പദ്ധതിയുടെ ആനുകൂല്യം പ്രയോജനപ്പെടുത്താമെന്ന് സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് അറിയിച്ചു.